**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 86** **06-10-2021 - ൽ മറുപടിയ്ക്ക്**

**കാട്ടുപന്നിയെ കൊല്ലാൻ കർഷകർക്ക് അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ്,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കൃഷി നശിപ്പിക്കുന്ന കാട്ടുപന്നിയെ കൊല്ലാൻ കർഷകരെ അനുവദിക്കണമെന്ന് 2021 ജൂലൈ 23-ന് ഹൈക്കോടതി നിർദേശിച്ചതിനെ തുടർന്ന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | WP(C) 21207/2020, WP(C) 12496/2021 എന്നീ കേസുകളിൽ ബഹു. കേരള ഹൈക്കോടതി 23.07.2021-ന് ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഇടക്കാല ഉത്തരവിൽ കൃഷി നശിപ്പിക്കുന്ന കാട്ടുപന്നിയെ വേട്ട ചെയ്യുവാൻ പരാതിക്കാർക്ക് ചീഫ് വൈൽഡ് ലൈഫ് വാർഡൻ അനുവാദം നൽകണമെന്ന് ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി കേസ്സുകളിലെ 12 പരാതിക്കാർക്ക് ചീഫ് വൈൽഡ് ലൈഫ് വാർഡൻ 10.08.2021 -ാം തീയതി, KFDHQ/188794/2021-CWW/WL12 നമ്പർ നടപടി ഉത്തരവ് പ്രകാരം ടിയാന്മാരുടെ കൃഷിസ്ഥല പ്രദേശത്ത് കാട്ടുപന്നികളെ വേട്ട ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. തുടർന്ന്, WP(C) No.17801/2021 നമ്പർ കേസിലും, ബഹു. കേരള ഹൈക്കോടതി 23.07.2021-ലെ ടി ഉത്തരവ് ബാധകമാക്കിക്കൊണ്ട് 02.09.2021 തീയതിയായി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത കേസിലെ 10 പരാതിക്കാർക്കും ചീഫ് വൈൽഡ് ലൈഫ് വാർഡൻ 16.09.2021-ാം തീയതി KFDHQ/3618/2021-CWW/WL12നമ്പർ നടപടി ഉത്തരവ് പ്രകാരം ടിയാന്മാരുടെ കൃഷി സ്ഥല പ്രദേശത്ത് കാട്ടുപന്നികളെ വേട്ട ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ, WP(C)18757/2021 നമ്പർ കേസിൽ 16.09.2021 തീയതിയായും, WP(C)18779/2021 നമ്പർ കേസിൽ 17.09.2021 തീയതിയായും സമാന രീതിയിൽ ബഹു. കേരള ഹൈക്കോടതി ഉത്തരവായിരുന്നു. ടി കേസുകളിലെ പരാതിക്കാർക്ക് (WP(C)18757/2021 ലെ 4 പേർ, WP(C)18779/2021 ലെ 13 പേർ) ടിയാൻമാരുടെ കൃഷി പ്രദേശത്ത് കാട്ടുപന്നികളെ |

| | | | |
|---|---|---|---|
| | | | വേട്ട ചെയ്യുന്നതിന് അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വകുപ്പ് നിയമോപദേശം തേടിയിരുന്നോ; വിശദാംശം നൽകുമോ; | (ബി) | തേടിയിരുന്നു. ബഹു. കേരള ഹൈക്കോടതിയുടെ 23.07.2021-ലെ ഉത്തരവിൻറെ അടിസ്ഥാനത്തിൽ സമയ പരിധിയ്ക്കുള്ളിൽ സ്വീകരിക്കേണ്ട നടപടി അറിയിക്കുവാൻ അഡ്വക്കേറ്റ് ജനറലിനോട് 26.07.2021–ാം തീയതി കത്ത് മുഖാന്തിരം പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ അപേക്ഷിച്ചിരുന്നു. ടി കത്തിനോടൊപ്പം കാട്ടുപന്നികളെ വേട്ട ചെയ്യുന്നതിന് പരാതിക്കാർക്ക് അനുമതി നൽകുന്നതിനുള്ള കരട് നടപടി ഉത്തരവും ഉൾക്കൊള്ളിച്ചിരുന്നു. ടി കരട് ഉത്തരവിൽ വരുത്തേണ്ട ഭേദഗതി നിർദ്ദേശിച്ചുകൊണ്ടും, ടി ഉത്തരവ് നൽകാവുന്നതാണെന്ന് അറിയിച്ചുകൊണ്ടും 10.08.2021 തീയതിയായി അഡ്വക്കേറ്റ് ജനറൽ ഓഫീസിലെ വനം സ്പെഷ്യൽ ഗവൺമെൻറ് പ്ലീഡർ മറുപടി നൽകിയിട്ടുണ്ട്. |
| (സി) | കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതിനായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് സംസ്ഥാന സർക്കാർ അപേക്ഷ നൽകിയിരുന്നോ എന്ന് അറിയിക്കുമോ; | (സി) | അപേക്ഷ നൽകിയിരുന്നു. കാട്ടുപന്നികളെ ക്ഷുദ്രജീവികളായി പ്രഖ്യാപിക്കുന്നതിന് സംസ്ഥാന സർക്കാർ 1/11/2020, 17/06/2021 എന്നീ തീയതികളിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സർക്കാർ കത്ത് നം. ഡി2/126/2020/വനം പ്രകാരം അപേക്ഷ നൽകിയിരുന്നു. |
| (ഡി) | എങ്കിൽ പ്രസ്തുത അപേക്ഷയിന്മേലുള്ള കേന്ദ്ര സർക്കാരിന്റെ മറുപടി വെളിപ്പെടുത്തുമോ? | (ഡി) | സംസ്ഥാന സർക്കാരിന്റെ 01.11.2020 തീയതിയിലെ കത്തിന് മറുപടിയായി 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിന്റെ 11 (1) (b) വകുപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കാനും, പ്രശ്നക്കാരായ കാട്ടുപന്നികളുടെ കാര്യത്തിൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ സേവനങ്ങൾ ഉപയോഗിക്കാനുള്ള സാധ്യത പരിഗണിക്കുവാൻ നിർദ്ദേശിച്ചുകൊണ്ടും കേന്ദ്ര സർക്കാർ, എഫ്.നം.8-31/2020-ഡബ്ളിയു.എൽ, തീയതി 10-12-2020-ലെ കത്ത് പ്രകാരം മടക്കി നൽകിയിരുന്നു. ഇതിനെ തുടർന്ന് സംസ്ഥാന സർക്കാർ 17.06.2021–ാം തീയതിയിലെ കത്ത് പ്രകാരം 2011 മുതൽ പഞ്ചായത്തുകളുടെ സേവനം ഉപയോഗിച്ച് 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിന്റെ 11 (1) (b) വകുപ്പ് പ്രകാരമുള്ള നടപടികൾ എടുത്തു വന്നിരുന്നുവെങ്കിലും, കാട്ടുപന്നി പ്രശ്നത്തിൽ കാര്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല എന്ന് വ്യക്തമാക്കി കാട്ടുപന്നികളെ ക്ഷുദ്രജീവിയായി |

| | | | |
|---|---|---|---|
| | | | പ്രഖ്യാപിക്കുന്നതിനുള്ള അപേക്ഷ വീണ്ടും കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയുണ്ടായി. ആയതിനെ തുടർന്ന്, 2011 മുതൽ കാട്ടുപന്നികളുടെ ശല്യം കൈകാര്യം ചെയ്യുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികളും, 06-02-2021-ൽ F.No..8/60/2020 -WL(part-I)നമ്പർ അഡ്വൈസറി പ്രകാരം സ്വീകരിച്ച നടപടികളും, അറിയിക്കുന്നതിന് 08-07-2021-ലെ F.No.8-31/2020-WL എന്ന കത്ത് മുഖാന്തിരം കേന്ദ്ര സർക്കാർ ആവശ്യപ്പെടുകയുണ്ടായി. കേന്ദ്ര സർക്കാർ ആവശ്യപ്പെട്ട വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള മറുപടിയുടെ കരട് തയ്യാറാക്കിയിട്ടുണ്ട്. ആയത് ഉടൻ തന്നെ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ